## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** — **08-12-2022 - ൽ മറുപടിയ്ക്ക്**

## ഭവന പാർക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ഭവന പാർക്കിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (എ) | കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും ഒരു കേന്ദ്രത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ഭവന പാർക്ക്' എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ തിരുവല്ലം താലൂക്കിൽ വാഴമുട്ടത്ത് ഇതിനായി അനുവദിച്ച 6.95 ഏക്കർ സ്ഥലത്ത് ആകെ 20 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ മാതൃകകൾ അതിന്റെ സാങ്കേതിക വിവരങ്ങൾ ഉൾപ്പെടെ നൽകുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് വരുന്നത്. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട സ്റ്റാർട്ട്-അപ്പുകൾ, റിസർച്ച് & ഡെവലപ്പ്മെന്റ് സ്ഥാപനങ്ങൾ, വ്യവസായ സംരംഭകർ എന്നിവർക്ക് അവരുടെ ഉൽപ്പന്നങ്ങളെ പ്രദർശിപ്പിക്കുന്നതിനും, പരിചയപ്പെടുത്തുന്നതിനുമുള്ള വേദികളും ഇവിടെ വിഭാവനം ചെയ്തുവരുന്നു. കൂടാതെ കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യവും പരിസ്ഥിതി സൗഹൃദപരവുമായ ഭവനങ്ങളുടെ മാതൃകകൾ പരിചയപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്കും ഭവന നിർമ്മാണ മേഖലയിൽ താല്പര്യമുള്ളവർക്കും സൗകര്യം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നു. നമ്മുടെ നാട്ടിൽ കുറഞ്ഞ ചിലവിലും നിർമ്മിക്കാൻ കഴിയുന്ന ഭവന മോഡലുകളും അവിടെ പ്രദർശിപ്പിക്കും. ഭവന നിർമ്മാണ സാമഗ്രികൾ കുറഞ്ഞ ചിലവിൽ ലഭ്യമാകുന്ന രീതിയിൽ സ്റ്റാളുകളും തുറക്കുന്നതിന് സാധ്യമാകുന്നതാണ്.<br><br>കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനും |

| | | | |
|---|---|---|---|
| | | | Finishing School, School of Design, Project Management Consultancy എന്നീ Advance Course കൾ നടത്തുന്നതിനുമായുള്ള Laurie Baker International School of Habitat Studies (LaBISHaS) ന്റെ കാമ്പസും, അനുബന്ധ നിർമ്മിതികളുമാണ് ദേശീയ ഭവന പാർക്കിൽ വിഭാവനം ചെയ്തിട്ടുള്ളത്. അങ്ങനെ ദേശീയ തലത്തിൽ തന്നെ പ്രാധാന്യമുള്ള ഒരു Building Technology Centre എന്ന നിലയിലാണ് ദേശീയ ഭവന പാർക്ക് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്ക് 2022-23 സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. രാജ്യത്തിന്റെ തന്നെ ശ്രദ്ധ ആകർഷിക്കുന്ന വിധത്തിൽ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വിനോദ സഞ്ചാരികൾക്കും ഒരു പോലെ പ്രയോജനപ്പെടുന്ന രീതിയിലുള്ള ഒരു കേന്ദ്രമായാണ് ദേശീയ ഭവന പാർക്ക് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട സേവനങ്ങൾ, നൂതന ഭവന നിർമ്മാണ സാങ്കേതികവിദ്യകൾ, നിർമ്മാണ സാമഗ്രികളുടെ വിതരണം എന്നിവ ഭവന പാർക്കിൽ ലഭ്യമാക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ദേശീയ ഭവന പാർക്കിൽ നിന്നും കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സാങ്കേതിക സഹായവും അതോടൊപ്പം നിർമ്മാണ സാങ്കേതിക വിദ്യയിൽ ഗവേഷണം നടത്താൻ താൽപ്പര്യമുള്ളവർക്ക് അതിനാവശ്യമായ സാങ്കേതിക സഹായങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതാണ്. ദേശീയ ഭവന പാർക്കിൽ പ്രദർശിപ്പിക്കുന്ന നിർമ്മാണ മേഖലയിലെ നൂതന ആശയങ്ങൾ കണ്ടുമനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും പൊതുജനങ്ങൾക്കും അവസരമൊരുക്കുന്നുണ്ട്.നിർമ്മാണ സാമഗ്രികളുടെ വിതരണത്തിനുള്ള സൗകര്യവും ലഭ്യമാക്കുന്നതാണ്. |
| (സി) | പ്രസ്തുത പാർക്കിനെ ഗവേഷണ കേന്ദ്രമായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ദേശീയ ഭവന പാർക്കിൽ (Laurie Baker International School of Habitat Studies) അക്കാദമിക്ക് വിഭാഗത്തിൽ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഗവേഷണം നടത്തുന്നതിന് ആവശ്യമായ സാങ്കേതിക സഹായവും അടിസ്ഥാന സൗകര്യവും ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ